# 1

# അധ്വാനവർഗ്ഗ സിദ്ധാന്തം

ഉത്പാദകശക്തികളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് സർവ്വർക്കും സാമ്പത്തികഭദ്രത ഉറപ്പു വരുത്താൻ പര്യാപ്തമായ ഒരു സാമ്പത്തിക നയമാണ് നമുക്കാവശ്യം. ചൂഷണം അവസാനിപ്പിക്കുക, ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക, സാമ്പത്തികഭദ്രത കൈവരുത്തുക ഇതായിരിക്കണം നമ്മുടെ ലക്ഷ്യം.

സ്റ്റേറ്റിന്റെ നിയന്ത്രണങ്ങൾക്കു വിധേയമായി സ്വകാര്യമേഖലയ്ക്കും സ്വകാര്യ മൂലധനവളർച്ചയ്ക്കും മുൻഗണന നൽകുന്ന ഒരു സമ്പദ്വ്യവസ്ഥയാണ് ക്യാപ്പിറ്റലിസം. സാമ്പത്തിക രംഗത്ത് സ്വകാര്യ മൂലധനം മുടക്കുന്നതിനും അതിൽ നിന്നു ലഭിക്കുന്ന ലാഭം മുഴുവൻ സ്വന്തമായി വിനിയോഗിക്കുന്നതിനും ഈ സമ്പദ്വ്യവസ്ഥയിൽ വ്യക്തികൾക്കു പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഉത്പാദനോപകരണങ്ങളിന്മേലുള്ള സ്വകാര്യ ഉടമസ്ഥതയും സ്വകാര്യ സംരംഭവികസനവും, ലാഭവിനിയോഗവും പരിധി കൽപ്പിക്കാത്ത മൂലധനസമ്പാദ്യവുമാണ് മുതലാളിത്തത്തിന്റെ പ്രത്യേകതകൾ. മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ ചൂഷണം നിലനിൽക്കുന്നതുകൊണ്ട് ആ വ്യവസ്ഥ സ്വീകാര്യമല്ല.

ഭൗതികവാദം, വർഗസമരം, അധ്വാനഫലത്തിന്മേൽ തൊഴിലാളിക്കു മാത്രമുള്ള അവകാശം, സാമൂഹ്യവിപ്ലവം, തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയാധികാര സമ്പാദനവും സർവാധിപത്യവും, സ്റ്റേറ്റിന്റെ അസ്തമനം, ഓരോരുത്തരിൽ നിന്നും അവരവരുടെ കഴിവിനനുസരിച്ചു വാങ്ങുകയും ഓരോരുത്തർക്കും അവരവരുടെ ആവശ്യമനുസരിച്ചു നൽകുകയും ചെയ്യുന്ന ഒരു സമൂഹസൃഷ്ടി എന്നിവയാണു കമ്മ്യൂണിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ. സ്വകാര്യസ്വത്ത് നിർമ്മാർജ്ജനം ചെയ്ത് ഉത്പാദനോപകരണങ്ങളെല്ലാം സ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ കൊണ്ടുവരിക എന്നുള്ളതാണ് കമ്മ്യൂണിസ്റ്റ് സമ്പദ്വ്യവസ്ഥയുടെ അന്തഃസത്ത. ചുരുക്കത്തിൽ സ്വകാര്യസ്വത്തും ജനാധിപത്യവും കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ നിഷേധിക്കപ്പെടുന്നു. തന്മൂലം ഈ വ്യവസ്ഥിതിയും സ്വീകാര്യമല്ല.

**ജനകീയ സോഷ്യലിസം**

കമ്മ്യൂണിസത്തിന്റെയും (സർക്കാർ മുതലാളിത്തം) ക്യാപ്പിറ്റലിസത്തിന്റെയും (സ്വകാര്യ മുതലാളിത്തം) ദൂഷ്യവശങ്ങൾ ഒഴിവാക്കി അധ്വാനവർഗ്ഗത്തിന്റെ ഉന്നമനം ഉറപ്പു വരുത്തുന്ന ഒരു ജനകീയ സോഷ്യലിസമാണ് ഞാൻ വിഭാവനം ചെയ്യുന്ന സമ്പദ്വ്യവസ്ഥ. സ്വകാര്യസ്വത്തവകാശം നിലനിറുത്തി, എന്നാൽ സ്വകാര്യ സമ്പദ് കേന്ദ്രീകരണത്തെയും കുത്തക മുതലാളിത്തത്തെയും തടഞ്ഞു നിറുത്തി അധ്വാനവർഗ്ഗ താൽപ്പര്യങ്ങൾ ഭദ്രമാക്കുന്ന ഒരു സമ്പദ്വ്യവസ്ഥയാണിത്.

വർഗസമരവും രക്തരൂഷിത വിപ്ലവവും ഇല്ലാതെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി തന്നെ ഈ പുത്തൻ സോഷ്യലിസ്റ്റു സാമൂഹ്യക്രമം കൈവരിക്കുവാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ജനാധിപത്യ വ്യവസ്ഥിതിക്കുള്ളിൽ ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതി - അതാണ് എന്റെ കാഴ്ചപ്പാട്.

ജനാധിപത്യമില്ലാത്ത സോഷ്യലിസം ഏകാധിപത്യത്തിനും, സോഷ്യലിസമില്ലാത്ത ജനാധിപത്യം ദുഷ്പ്രഭുത്വത്തിനും വഴിതെളിക്കും. അതുകൊണ്ട് രണ്ടിന്റെയും നല്ലവശങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയ- സമ്പദ്വ്യവസ്ഥയാണ് കരണീയമായിട്ടുള്ളത്. ജനാധിപത്യം വികേന്ദ്രീകരണത്തെയും സോഷ്യലിസം കേന്ദ്രീകരണത്തെയുമാണ് പ്രതിബിംബിപ്പിക്കുന്നത്. പരസ്പര വിരുദ്ധമായ ഈ പ്രക്രിയകളെ സന്തുലിതപ്പെടുത്തുന്ന ഒരു സമ്പദ് വ്യവസ്ഥയാണ് ജനകീയ സോഷ്യലിസം. ജനാധിപത്യ സംവിധാനം നിലനിർത്തുകയും സമൂഹത്തിന്റെ താഴെ തട്ടുകളിലുള്ള കൂടുതൽ അടിസ്ഥാന ജനവിഭാഗങ്ങൾക്ക് വർദ്ധിച്ച തോതിൽ പങ്കാളിത്തം ലഭ്യമാക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതി ആയതുകൊണ്ടാണ് ഈ വമ്പദ്വ്യവസ്ഥയെ ജനകീയ സോഷ്യലിസമെന്ന് ഞാൻ നാമകരണം ചെയ്യുന്നത്.

**- സമ്പത്തിന്റെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമാകുന്നതാണു സർക്കാർ മുതലാളിത്തം. മുതലാളിത്ത വ്യവസ്ഥിതിയിൽ സമ്പത്തു സ്വകാര്യ വ്യക്തികളുടേതാണ്. സോഷ്യലിസ്റ്റു വ്യവസ്ഥിതിയിൽ സമ്പത്തു പൊതുജനങ്ങളുടേതും, ഇതിൽ നിന്നും വ്യത്യസ്തമായി ഗവൺമെന്റും ഭരണം നിയന്ത്രിക്കുന്ന പാർട്ടിയും സംയുക്തമായി സമ്പത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ സർക്കാർ മുതലാളിത്തം അല്ലെങ്കിൽ പാർട്ടി മുതലാളിത്തം രൂപം കൊള്ളുന്നു. ഈ വ്യവസ്ഥിതിയുടെ ദയനീയ പരാജയമാണ് സോവ്യറ്റു യൂണിയന്റെയും പൂർവ്വ യൂറോപ്യൻ രാജ്യങ്ങളുടെയും തകർച്ചയിൽ വ്യക്തമായത്. -**

ഒരു ജനകീയ സോഷ്യലിസ്റ്റു സാമൂഹ്യ വ്യവസ്ഥിതിയിലേയ്ക്ക് അതിവേഗം കടന്നുചെല്ലുന്നതിന് ഇന്നു പ്രതിബന്ധമായി നിൽക്കുന്നത് ഭരണകൂടങ്ങളുടെ തെറ്റായ സാമ്പത്തിക നയങ്ങളാണ്. അവ തിരുത്തപ്പെടാതെ നമുക്ക് ലക്ഷ്യത്തിലേയ്ക്ക് നീങ്ങുവാൻ കഴിയുന്നതല്ല. ആസൂത്രണരംഗത്ത് അനുവർത്തിച്ചു വരുന്ന മുൻഗണനാതത്വങ്ങളിൽ അടിസ്ഥാനപരമായ മാറ്റം ആവശ്യമായി വന്നിരിക്കുന്നു. സമൂഹത്തിലെ അധ്വാനിക്കുന്ന മുഴുവൻ വിഭാഗങ്ങൾക്കും ഒരു പോലെ വളരുവാനും വികസിക്കുവാനും ഉതകുന്ന ആസൂത്രണമായിരിക്കണം അത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ആസൂത്രണരംഗത്ത് അധ്വാനവർഗ്ഗത്തെ വിസ്മരിച്ചതാണ്. വികാസം മുരടിക്കുവാൻ ഇടവരുത്തിയത്. ഇനി മുന്നോട്ട് അധ്വാനവർഗ്ഗത്തിനു മുൻതൂക്കമുള്ള പദ്ധതികൾക്കാ

യിരിക്കണം നമ്മുടെ മുൻഗണന. നാം അധ്വാനവർഗ്ഗത്തിന്റെ പടവാളായി മാറണം. ജനകീയ സോഷ്യലിസത്തിന്റെ കാതൽ അധ്വാനവർഗ്ഗ സിദ്ധാന്തമാണ്. മാർക്സിസത്തിന്റെ കാതൽ വർഗ്ഗസിദ്ധാന്തവും.

## വർഗസിദ്ധാന്തം.

മാർക്സിയൻ സിദ്ധാന്തമനുസരിച്ച് മുതലാളിത്ത ഉൽപ്പാദനരീതി നിലവിലുള്ള രാജ്യങ്ങളിൽ രണ്ടു വർഗ്ഗങ്ങളാണുള്ളത്. തൊഴിലാളിവർഗ്ഗവും ബൂർഷ്വാവർഗ്ഗവും. ഏംഗൽസിന്റെ വിശകലനത്തിൽ ഉൽപ്പാദനോപകരണങ്ങളുടെ ഉടമകളും ജോലിയാതൊന്നും ചെയ്യാതെ തൊഴിലാളികളെക്കൊണ്ട് കൂലിവേല ചെയ്യിക്കുന്നവരുമാണ് ബൂർഷ്വാ വർഗം അഥവാ മുതലാളിമാർ. നേരെ മറിച്ച് ഉത്പാദനോപകരണങ്ങൾ സ്വന്തമായി കൈവശമില്ലാത്തവരും അധ്വാനശക്തി വിറ്റു ജീവിക്കുന്നവരുമായ വേതന തൊഴിലാളികളാണ് പ്രോലിറ്റേറിയറ്റ് അഥവാ തൊഴിലാളിവർഗ്ഗം.

**– 1. കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോയിൽ ഇങ്ങനെ : " സമുദായമാകെ തന്നെ രണ്ടു ഗംഭീര ശത്രുപാളയങ്ങളായി, പരസ്പരം അഭിമുഖമായി നിൽക്കുന്ന രണ്ടു വൻ വർഗ്ഗങ്ങളായി – ബൂർഷ്വാസിയും തൊഴിലാളി വർഗ്ഗവുമായി കൂടുതൽ കൂടുതൽ ചേരി തിരിഞ്ഞു കൊണ്ടിരിക്കുകയാണ്." ആദ്യമാദ്യം സ്വയംപര്യാപ്തതയുള്ള മധ്യവർഗ്ഗമാണ് ബൂർഷ്വാവർഗ്ഗമെന്നറിയപ്പെടുന്നത്. അതു പിൽക്കാലത്തു വളർന്നു വളർന്നു സർവ്വതും നിയന്ത്രിക്കുന്നതും സർവ്വതും ദുഷിപ്പിക്കുന്നതുമായ പിന്തിരിപ്പൻ ശക്തിയായി മാറിയെന്നാണു കമ്മ്യൂണിസ്റ്റു വീക്ഷണം.**

**2. പ്ലേറ്റോയുടെ റിപ്പബ്ലിക്കിൽ സ്വന്തം ശരീരം കൊണ്ടു രാഷ്ട്രത്തിനു സേവനം ചെയ്യുന്നവരാണു പ്രോലിറ്റേറിയറ്റുകൾ, കമ്മ്യൂണിസ്റ്റു വീക്ഷണത്തിൽ, ജീവിക്കാൻ വേണ്ടി ശാരീരികാദ്ധ്വാനം വിൽക്കുന്നവരാണു തൊഴിലാളികൾ. രണ്ടു വീക്ഷണങ്ങളും അടിസ്ഥാനപരമായി വ്യത്യസ്തമാണ്. ജനകീയ സോഷ്യലിസത്തിൽ, സ്വയം അധ്വാനിച്ചു ജീവിക്കുന്നവരെല്ലാം അധ്വാനവർഗ്ഗത്തിൽ ഉൾപ്പെടുന്നു. –**

വർഗ്ഗസമരം സംഘടിപ്പിക്കുകയും വിപ്ലവത്തിലൂടെ തൊഴിലാളി വർഗ്ഗം രാഷ്ട്രീയാധികാരം കരസ്ഥമാക്കുകയും തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം സ്ഥാപിക്കുകയും ചെയ്യുക എന്നുള്ളതാണ് മാർക്സിയൻ വർഗസിദ്ധാന്തത്തിന്റെ കാതൽ.

മാർക്സിന്റെയും ഏംഗൽസിന്റെയും ലെനിന്റെയും കാലഘട്ടത്തിൽ നിലവിലിരുന്ന സാഹചര്യങ്ങളല്ല ഇന്നുള്ളത്. സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിൽ അതിനുശേഷം നിരവധി രൂപഭേദങ്ങൾ ഉണ്ടായിട്ടുണ്ട്.

മുതലാളിവർഗ്ഗത്തിന്റെയും തൊഴിലാളിവർഗ്ഗത്തിന്റെയും ഇടയിൽ നിലവി

ലുള്ള ഒരു പ്രത്യേക വിഭാഗത്തിന്റെ സ്ഥിതി അതിന് ഉദാഹരണമാണ്. ഉത്പാദ നോപകരണങ്ങളും ഉപാധികളും സ്വന്തമായി കൈവശമുള്ളവരാണിവർ. എന്നാൽ പൊതുവെ തൊഴിലാളികളെക്കൊണ്ട് അവർ ജോലി ചെയ്യുക്കുന്നില്ല. പകരം അവർ തന്നെ ജോലി ചെയ്യുന്നു. ഈ വിഭാഗത്തിലെ താഴെക്കിടയിലുള്ള ഭൂരിപക്ഷവി ഭാഗം തൊഴിലാളികളെപ്പോലെ കഠിനാധ്വാനം ചെയ്യുകയും ഞങ്ങലുടെ അധ്വാന ശക്തി വിയർപ്പിലൂടെ മൂലധനമാക്കി മാറ്റുകയും ചെയ്യുന്നു. ചിലപ്പോൾ അവരുടെ കീഴിൽ വേതനം പറ്റുന്ന ഏതാനും തൊഴിലാളികൾ ഉണ്ടായിക്കൂടെന്നില്ല. ഇൻഡ്യ യിലെ അധ്വാനവർഗ്ഗത്തിൽപ്പെടുന്ന ബഹുഭൂരിപക്ഷവും ഇത്തരക്കാരാണ്. വർഗ്ഗ സമരത്തിന്റെ അന്ത്യഘട്ടത്തിൽ മധ്യവർഗ്ഗക്കാർക്ക് സ്വയം നിലനിൽക്കുവാൻ കഴി യുകയില്ലെന്നും ഇവരെല്ലാം തൊഴിലാളിവർഗ്ഗത്തിലേക്കു നിപതിക്കുമെന്നുമായി രുന്നു മാർക്സിന്റെ സിദ്ധാന്തം. കൃഷിക്കാർക്കും ചെറുകിട വ്യാപാരികൾക്കും, ചെറുകിട വ്യവസായികൾക്കും, കൈത്തൊഴിലുകാർക്കും പുറമേ പുതിയ നിര വധി വിഭാഗങ്ങൾ മധ്യവർഗ്ഗത്തിൽ വളർന്നു രൂപം പ്രാപിച്ചിട്ടുണ്ടെന്നുള്ളത് മറ്റൊരു യാഥാർത്ഥമാണ്. സാങ്കേതിക വിദഗ്ധരും തൊഴിൽ വിദഗ്ധരും അധ്യാപകരും അതിന് ഉദാഹരണങ്ങളാണ്. വാസ്തവത്തിൽ, സമൂഹത്തെ ചൂഷണം ചെയ്യാതെ പ്രയത്നിച്ചു ജീവിക്കുന്ന ഈ അധ്വാനവിഭാഗത്തിന്റെ അധ്വാനശക്തിക്ക് മാർക്സി യൻ സിദ്ധാന്തവാദികൾ വലിയ വില കൽപ്പിക്കുന്നില്ല. " മദ്ധ്യവർഗ്ഗത്തിലെ താഴെ തട്ടുകളിലുള്ള ചെറുകിട നിർമ്മാണകർ, ഷോപ്പുടമകൾ, ചെറുകിടവ്യാപാരികൾ, കൈത്തൊഴിൽകാർ, കൃഷിക്കാർ എന്നിവരെല്ലാം ഇടത്തരം വർഗ്ഗത്തിന്റെ അവാ ന്തര വിഭാഗങ്ങളെന്ന തങ്ങളുടെ അസ്തിത്വത്തെ നാശത്തിൽ നിന്നു രക്ഷിക്കുന്ന തിനുവേണ്ടി ബൂർഷാസിക്കെതിരായി പോരാടുന്നു. അതിനാൽ അവർ വിപ്ലവകാ രികളല്ല മറിച്ച് യാഥാസ്ഥിതികരാണ്. അതുമല്ല, ചരിത്രത്തിന്റെ ചക്രത്തെ പുറ കോട്ടു തിരിക്കാൻ ശ്രമിക്കുന്നതുകൊണ്ട് അവർ പിന്തിരിപ്പന്മാരുമാണ്. എന്നിങ്ങ നെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മാനിഫെസ്റ്റോയിൽ പ്രതിപാദിച്ചിട്ടുള്ളത്. അതിന്റെ അർത്ഥം എന്താണ് ? കൃഷിക്കാർ, ചെറുകിട നിർമ്മാണകർ, ഷോപ്പുടമ കൾ, ചെറുകിടവ്യാപാരികൾ, കൈത്തൊഴിൽകാർ എന്നിവരുടെ ഉന്നമനത്തിനു വേണ്ടിയുള്ള നയപരിപാടികൾ പിന്തിരിപ്പനാണെന്നല്ലേ ? എന്റെ വീക്ഷണത്തിൽ ഇവരാരും പെറ്റി ബൂർഷ്വാകളല്ല മറിച്ച്, ഇവരെല്ലാം അധ്വാന വർഗ്ഗമാണ്.

**– നാളിതുവരെ നിലനിന്നിട്ടുള്ള എല്ലാ സമുദായങ്ങളുടെയും ചരിത്രം വർഗ്ഗസമര ത്തിന്റെ ചരിത്രമാണ്. സ്വതന്ത്രനും അടിമയും, കുലീനനും, ഹീനനും, ജന്മിയും അടിയാനും,**

**ഗിൽഡ്മാസ്റ്ററും വേലക്കാരനും - ചുരുക്കി പറഞ്ഞാൽ മർദ്ദകനും, മർദ്ദിതനും - തീരാ വൈരികളായി നിന്ന്, ചിലപ്പോൾ ഒഴിഞ്ഞും ചിലപ്പോൾ തെളിഞ്ഞും ഇടതടവില്ലാതെ പോരാട്ടം നടത്തിയിട്ടുണ്ട് ". കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആരംഭിക്കുന്നത് മേൽപറഞ്ഞ വാക്യങ്ങളോടെയാണ്. ജനകീയ സോഷ്യലിസം, വർഗങ്ങൾ തമ്മിലുള്ള " തീരാവൈരം" അംഗീ കരിക്കുന്നില്ല. മാത്രവുമല്ല, അവർ തമ്മിലുള്ള സൗഹാർദ്ദപരമായ സഹകരണമാണ് സമു ദായ പുരോഗതിക്കാവശ്യം എന്നു സിദ്ധാന്തിക്കുകയും ചെയ്യുന്നു. -**

മാർക്സിന്റെ ' വർഗവിശകലന സിദ്ധാന്തം' അപൂർണ്ണമാണ്. മുതലാളി വർഗ്ഗ ത്തെയും തൊഴിലാളി വർഗ്ഗത്തെയും ശാസ്ത്രീയമായി വിശകലനം ചെയ്ത മാർക്സ് ഇതിനിടയിലുള്ള ഇടത്തരക്കാരായ മധ്യവർഗ്ഗത്തെ ശാസ്ത്രീയ വിശകലനത്തിനു വിധേയമാക്കുന്നതിൽ പരാജയപ്പെട്ടു. അൽപമാത്രമായ സ്വകാര്യസ്വത്തിന്റെയും നാമമാത്രമായ ഉൽപാദന സാമഗ്രികളുടെയും ഉടമകളായ ഇവർ സമൂഹത്തിലെ മൂന്നാം വർഗ്ഗമാണെന്ന യാഥാർത്ഥ്യം മാർക്സ് കാണാതെ പോയി. രാജ്യത്തിന്റെ സമ്പദ്ഘടനയിൽ ചെറുകിട ഇടത്തരം കർഷകർക്കും വ്യവസായികൾക്കും ഉള്ള സുപ്രധാനമായ പങ്ക് നിർവ്വചിക്കുന്നതിലും മാർക്സിസം പരാജയപ്പെട്ടു. രാജ്യ ത്തിന്റെ സാമ്പത്തിക വികസനത്തിന് ഈ വർഗ്ഗം നൽകുന്ന സംഭാവന വിലപ്പെട്ട താണെന്ന കാര്യം മാർക്സ് വിസ്മരിച്ചു. അധ്വാനം മൂലധനമാക്കി രാജ്യത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിറുത്തുകയും ഉൽപാദനക്ഷമത പരമാവധി വർദ്ധിപ്പി ക്കുകയും ചെയ്യുന്ന ഈ മധ്യവർഗ്ഗത്തെ വിസ്മരിച്ചത് മാർക്സിസത്തിന്റെ ഏറ്റവും വലിയ പാളിച്ചയായിരുന്നുവെന്ന് പിൽക്കാല ചരിത്രം തെളിയിച്ചു.

മധ്യവർഗ്ഗത്തിൽ തന്നെ ഒരു പുതിയ വിഭാഗം അടുത്ത കാലത്ത് രൂപം കൊണ്ടിട്ടുണ്ട്. സാങ്കേതികവിദ്യകളുടെ ആവിർഭാവത്തോടെ ജനങ്ങളുടെ ജീവിത രീതിയിലും മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞു. ഇതിന്റെ ഫലമായി ആധുനിക ജീവിത സൗകര്യങ്ങൾ ഉയർന്ന വിഭാഗങ്ങൾക്കു പുറമെ താഴെത്തിട്ടിലുള്ളവർക്കും കൈവ ശമാക്കാവുന്നതാണെന്നു വന്നു. വീട്ടിൽ ഒരു ഫ്രിഡ്ജ്, ടി. വി. ടെലിഫോൺ, കമ്പ്യൂ ട്ടർ എന്നിവ സ്വന്തമായുള്ള ഒരു മധ്യവർഗ്ഗം ഇതോടെ ഉയർന്നു വന്നു. ഇവർ തൊഴിലുടമയോ തൊഴിലാളികളോ അല്ല. സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ഇത് ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. മാർക്സിന്റെ കാലത്ത് ഇല്ലാതിരു ന്നതും അദ്ദേഹത്തിനു സങ്കൽപിക്കാൻ കഴിയാതിരുന്നതുമായ ഒരു പുതിയ വ്യവ സ്ഥയാണിത്.

കമ്പ്യൂട്ടർ യുഗം മറ്റൊരു കാര്യം കൂടി വെളിപ്പെടുത്തിയിരിക്കുന്നു. കമ്പ്യൂട്ട

റും, ഇന്റർനെറ്റും വഴി ഉൽപ്പാദന - സേവന മേഖലകളിലെ ഏതു പ്രക്രിയയെയും നിയന്ത്രിക്കാമെന്നും സ്വാധീനിക്കാമെന്നും വന്നതോടെ സാധാരണക്കാരന്റെ കയ്യി ലെത്തിയ സാങ്കേതികവിദ്യ ഇന്ന് ഏറ്റവും വിലപ്പെട്ട സമ്പത്തായി മാറിയിരിക്കുന്നു. മാർക്സിയൻ നിർവ്വചനത്തിലെ ഭൂരഹിത -സ്വത്തുരഹിത തൊഴിലാളിവർഗ്ഗം സ്വകാര്യസ്വത്തുടമായി മാറുന്ന ഈ പ്രതിഭാസം മാർക്സിയൻ ദർശനത്തിന്റെ പരിമിതിയെ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ മാർക്സിന്റെ മുതലാളി - തൊഴിലാളി വർഗ നിർവ്വചനത്തിന് ഒരു പൊളിച്ചെഴുത്ത് ആവശ്യമായി വരുന്നു.

## അധ്വാനവർഗ്ഗ സിദ്ധാന്തം

വർഗസമരത്തിൽ ഊന്നി നിൽക്കുന്ന മാർക്സിസത്തിന്റെ വൈകല്യമാണ് അധ്വാനവർഗ്ഗസിദ്ധാന്തത്തിനു രൂപം നൽകുവാൻ എന്നെ പ്രേരിപ്പിച്ചത്. മുതലാളി തൊഴിലാളി വർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൽ, മുതലാളി തൊഴിലാളി വർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൽ, മുതലാളിവർഗ്ഗത്തെ ഉന്മൂലനം ചെയ്യുകയും രക്തരൂഷിതമായ വിപ്ലവത്തിൽ കൂടി തൊഴിലാളി വർഗ്ഗ സർവാധിപത്യം സ്ഥാപിക്കുകയും സ്റ്റേറ്റ് ഇല്ലാതാവുകയും ചെയ്യുന്ന സങ്കൽപ്പമാണ് മാർക്സിസത്തിന്റെ അന്തസ്സത്ത. പരസ്പരം ഏറ്റുമുട്ടുന്ന മുതലാളി - തൊഴിലാളി വർഗ്ഗങ്ങളെ നിർവ്വചിക്കുന്ന കാര്യത്തിൽ മാർക്സിസത്തിനു തെറ്റു പറ്റി. ഉത്പാദന ഉപകരണങ്ങളുടെ ഉടമയല്ലാത്തവരും വേതനത്തിനും വേണ്ടി മറ്റൊരാളുടെ കീഴിൽ ജോലി ചെയ്യുന്നവരുമായ ആളുകളെ മാത്രമാണ് മാർക്സിയൻ സിദ്ധാന്തത്തിൽ തൊഴിലാളികളായി വിവക്ഷിച്ചിട്ടുള്ളത്. അവശേഷിക്കുന്നവരെയെല്ലാം മുതലാളിമാരായിട്ടാണ് പ്രസ്തുത സിദ്ധാന്തം മുദ്രകുത്തുന്നത്. കനത്ത ശമ്പളവും വേതനവും പറ്റുന്ന വ്യക്തികൾ പോലും മറ്റൊരാളുടെ  കീഴിൽ ജോലി ചെയ്യുന്നു എന്ന ഒറ്റ മാനദണ്ഡം മൂലം തൊഴിലാളിവർഗ്ഗത്തിൽ സ്ഥാനം പിടിച്ചു. അങ്ങനെ വരുമ്പോൾ ഗവൺമെന്റ് സർവ്വീസിലോ മറ്റു സ്ഥാപനങ്ങളിലോ ശമ്പളത്തിനു ജോലി ചെയ്യുന്ന ഐ. എ. എസ് - ഐ. പി. എസ്. ഉദ്യോഗസ്ഥരും ഡോക്ടർമാരും എഞ്ചിനീയർമാരും ബിസിനസ് എക്സിക്യൂട്ടീവ്സും കോളേജ് അദ്ധ്യപകരും എല്ലാം തൊഴിലാളിവർഗ്ഗമായി മാറും.

കടുത്ത സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവരാണെങ്കിൽ പോലും പരമിതമായ സ്വകാര്യസ്വത്തുള്ളവരെയും തങ്ങളുടെ കീഴിൽ ആരെ കൊണ്ടെങ്കിലും വേതനത്തിനു ജോലി എടുപ്പിക്കുന്നവരെയും മുതലാളിമാരുടെ പട്ടികയിലാണ് മാർക്സ് പ്രതിഷ്ഠിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ അരയേക്കർ ഭൂമിയുടെ ഉടമസ്ഥനായ പാവപ്പെട്ട കർഷകനെയും (ചെറുകിട കർഷകരെ പെറ്റിബൂർഷ്വാ എന്നാണ്

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ വിവക്ഷിച്ചിട്ടുള്ളത്). ഒരു പെട്ടിക്കടക്കാരനെയും, തന്റെ കീഴിൽ ആരെയെങ്കിലും വേതനത്തിനു നിറുത്തിയിട്ടുള്ള ഒരു ചായക്കട ക്കാരനെയും, ഒരു ഓട്ടോറിക്ഷക്കാരനെയും എല്ലാം മുതലാളിവർഗ്ഗമായി കണക്കാ ക്കേണ്ടി വരും. ഇത് അധാർമ്മികവും യുക്തിരഹിതവുമാണ്. ' തൊഴിലാളി വർഗ്ഗ ത്തിൽ' പ്രതിഷ്ഠിക്കപ്പെട്ട ' മുതലാളി' മാരെയും ' മുതലാളി വർഗമായി' ചിത്രീകരി ക്കപ്പെട്ട തൊഴിലാളികളെയും വേർതിരിച്ചു കാണുന്നതിൽ മാർക്സിസം പരാജയ പ്പെട്ടു. തന്മൂലം വർഗ്ഗസമരത്തിൽ അരിഞ്ഞു വീഴ്ത്തപ്പെടുന്നവരിൽ നല്ലൊരു ഭാഗം മുതലാളിവർഗ്ഗമായി മുദ്രകുത്തപ്പെട്ട അധ്വാനവിഭാഗങ്ങളാണെന്ന സത്യം മനസ്സിലാ ക്കുവാൻ മാർക്സിസത്തിനു കഴിഞ്ഞില്ല. ഈ ഒരു അവസ്ഥാവിശേഷം എന്നെ ഗാഢ മായി സ്പർശിച്ചു. അതിനാൽ അധ്വാനവർഗ്ഗത്തിനു പരിരക്ഷയും വളർച്ചയും ഉറപ്പു വരുത്തിക്കൊണ്ട് ഒരു ബദൽ സിദ്ധാന്തത്തിനു രൂപം കൊടുക്കുക എന്നത് അനി വാര്യമായി ഈ സാഹചര്യത്തിലാണ് അധ്വാനവർഗ്ഗസിദ്ധാന്തം ആവിഷ്കൃതമായത്.

**– ചെറുകിടക്കാരെല്ലാം പെറ്റിപൂർഷ്വാകളാണ് എന്ന മാർക്സിയൻ സങ്കൽപ്പത്തിൽ ആകൃഷ്ടരായി കേരളത്തിലെ ചെറുകിട ഇടത്തരം കർഷകർക്കും തൊഴിലുടമകൾക്കുമെ തിരെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രവർത്തകർ നടത്തിയ നിരന്തരപീഡനങ്ങളും കയ്യേറ്റ ങ്ങളും കണ്ടു മനംമടുത്ത സന്ദർഭത്തിൽ തെറ്റായ സിദ്ധാന്തത്തെ ബദൽ സിദ്ധാന്തം കൊണ്ട് നേരിടാൻ വേണ്ടി ശ്രീ. കെ. എം. മാണി രൂപം കൊടുത്തതാണ്. ' അധ്വാനവർഗസിദ്ധാന്തം' 1978 ൽ ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഈ സിദ്ധാന്തം പിന്നീട് കേരളാ കോൺഗ്രസിന്റെ പ്രത്യയശാസ്ത്രമായി രൂപാന്തരപ്പെട്ടു. – പ്രസാധകർ.–**

ജനങ്ങളെ സ്വകാര്യസ്വത്തിന്റെയും വേതനത്തിന്റെയും അടിസ്ഥാനത്തിൽ വിഭ ജിച്ചതാണ് മാർക്സിസത്തിനു സംഭവിച്ച പാളിച്ച വേർതിരിച്ചു കാണേണ്ടിയിരുന്നത് സാമ്പത്തികഭദ്രത പ്രാപിച്ചവരും അല്ലാത്തവരും എന്ന നിലയ്ക്കായിരുന്നു. സാമ്പ ത്തിക ഭദ്രത പ്രാപിക്കാത്തവരിൽ സ്വകാര്യസ്വത്തുള്ളവരും ശമ്പളം പറ്റുന്നവരും സ്വന്തമായി ജോലി ചെയ്യുന്നവരുമുണ്ടാകാണ്. അവരെയെല്ലാം ഭിന്നിപ്പിച്ചു രണ്ടു തട്ടിലാക്കുന്നതിനു പകരം ഏകോപിപ്പിക്കുന്നതിനുള്ള ഒരു സിദ്ധാന്തവും കൂടി യാണ് ഈ അധ്വാനവർഗ്ഗസിദ്ധാന്തം.

## അധ്വാനവർഗ്ഗം.

ആരാണ് അധ്വാനവർഗ്ഗം ? കടലിലും കായലോരങ്ങളിലും, കരയിലും, മലയോ രങ്ങളിലും വ്യാപാര വ്യവസായ മേഖലകളിലും സേവനമണ്ഡലങ്ങളിലും ഉപജീവനത്തി നുവേണ്ടി പണിയെടുക്കുന്ന സാധാരണക്കാരാണ് അവർ. മറ്റൊരാളുടെ കീഴിൽ

വേതനം പറ്റി ജോലി ചെയ്യുന്നവരും വേതനം പറ്റുന്നില്ലെങ്കിലും കഠിനാധ്വാനത്തെ മൂലധനമാക്കി മാറ്റി രാജ്യത്തിന്റെ വിഭവസമ്പത്തു വർദ്ധിപ്പിക്കുകയും ജനസാമാന്യത്തിനു സേവനം നൽകുകയും ചെയ്യുന്നവരുമെല്ലാം ഈ വിഭാഗത്തിൽപ്പെടും. ഈ അളവുകോൽ വച്ചു നോക്കുമ്പോൾ തൊഴിലാളികൾ, കൃഷിക്കാർ, ചെറുകിട വ്യാപാരികൾ, ചെറുകിടവ്യവസായികൾ, ചെറിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാർ, തൊഴിൽ ചെയ്യുന്നതിനു സന്നദ്ധതയുള്ള തൊഴിൽരഹിതർ, വിവിധ തൊഴിൽ മണ്ഡലങ്ങളിൽ സേവനം നടത്തുന്നവർ, സാമൂഹ്യമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗക്കാർ, മതം മാറിയ ദളിതവിഭാഗങ്ങൾ, ആദിവാസികൾ മറ്റ് അധഃസ്ഥിതർ എന്നിവരെല്ലാം അധ്വാനവർഗ്ഗത്തിന്റെ അവാന്തരവിഭാഗങ്ങളാണ്.

ഈ അധ്വാനവർഗ്ഗത്തിനിടയിൽ വേലിക്കെട്ടുകൾ നിർമ്മിക്കുന്നതിനു നടത്തിയ നീക്കങ്ങളാണ് അധ്വാനവർഗ്ഗത്തിന്റെ സംഘടിത ശക്തിയെ ക്ഷയിപ്പിച്ചത്. സമൂഹത്തെ സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ പരിവർത്തനപ്പെടുത്തുവാൻ കഴിവുള്ള യഥാർത്ഥശക്തി ഈ ധ്വാനവർഗമാണ്. അവരെ ഒരുമിപ്പിക്കുന്നതിനുപകരം ഭിന്നിപ്പിക്കുന്നതിനുള്ള പ്രവണത അധിക്ഷേപാർഹമാണ്. അവരെ തമ്മിൽ തൊഴിലാളി വർഗമെന്നോ, കർഷകവർഗമെന്നോ വ്യാപാരി - വ്യവസായി വർഗമെന്നോ ഉദ്യോഗസ്ഥവർഗമെന്നോ തൊഴിൽ വർഗമെന്നോ വിവേചിച്ചു നിറുത്തുന്നതു ശരിയല്ല. അവരെയെല്ലാം അധ്വാനവർഗ്ഗമായി കാണണം.

## അധ്വാനവർഗ വിഭാഗങ്ങൾ

## ജനകീയ സോഷ്യലിസ്റ്റു സമ്പദ്വ്യവസ്ഥയിൽ



**അധ്വാനവിഭാഗങ്ങൾ**

അധ്വാനവർഗ്ഗത്തിൽ ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങളുടെ സാമ്പത്തികസ്ഥിതി വിഭിന്നമാണ്. സാമ്പത്തികാടിസ്ഥാനത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (അടിസ്ഥാനാവശ്യങ്ങൾ സിദ്ധിച്ചിട്ടില്ലാത്തവർ), ദാരിദ്ര്യരേഖയ്ക്കു മുകളിലാണെങ്കിലും സാമ്പത്തികഭദ്രത പ്രാപിക്കാത്തവർ, തൊഴിൽ ചെയ്യുവാൻ കഴിവുള്ള തൊഴിൽ രഹിതർ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങൾ അധ്വാനവർഗ്ഗത്തിൽ നിലവിലുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. അവരിൽ തന്നെ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരും ഉണ്ട്.

**അധ്വാനവർഗ മേധാവിത്വം അംഗീകരിക്കുക.**

നമ്മുടെ രാജ്യത്തിന്റെ പ്രത്യേകത കണക്കിലെടുക്കുമ്പോൾ ആവശ്യമായിട്ടുള്ളത് തൊഴിലാളികളും അധ്വാനവർഗ്ഗത്തിൽപ്പെടുന്ന കൃഷിക്കാരുമുൾപ്പെടെ മറ്റെല്ലാ വിഭാഗങ്ങളും തമ്മിലുള്ള യോജിപ്പാണ്. അല്ലാതെ സംഘട്ടനമല്ല. ഇവർ തമ്മിലുള്ള വർഗ്ഗസമരമല്ല വർഗ്ഗസമന്വയമാണ് വേണ്ടത്. കുത്തക മുതലാളിത്തത്തിനെതിരെ അധ്വാനവർഗ്ഗത്തിൽപ്പെടുന്ന എല്ലാ വിഭാഗങ്ങളെയും ഒരുമിച്ച് അണി നിരത്തുവാൻ നമുക്കു കഴിയണം. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനുവേണ്ടിയുള്ള ഒരു വിഭാഗത്തിന്റെ ഒറ്റപ്പെട്ട പോരാട്ടത്തെക്കാൾ അധ്വാനവർഗ്ഗ മേധാവിത്വത്തിനുവേണ്ടിയുള്ള ഈ വർഗ്ഗത്തിന്റെ മുഴുവൻ സംയുക്തവും സംഘടിതവുമായ ജനാധിപത്യപ്പോരാട്ടമാണ് ആവശ്യം. ആദ്യം മുതൽ അന്ത്യം വരെ ഒരുമിച്ചു നീങ്ങേണ്ട ശക്തിയാണ് അധ്വാനവർഗ്ഗം. ഇന്നത്തെ സുപ്രധാനമായ ആവശ്യം അധ്വാനവർഗ്ഗത്തിനു മേധാവിത്വമുള്ള ഒരു സമ്പദ്‌വ്യവസ്ഥയും രാഷ്ട്രീയാധികാരവും സ്ഥാപിതമാക്കുന്നതിനുള്ള ആസൂത്രണവും പ്രവർത്തനവുമാണ്.

ചുരുക്കത്തിൽ താഴെ ചേർക്കുന്ന അഞ്ചു വസ്തുതകളാണ് അധ്വാനവർഗ്ഗ സിദ്ധാന്തം ലക്ഷ്യം വയ്ക്കുന്നത്.

ചൂഷണരഹിത സമൂഹം കെട്ടിപ്പടുക്കുക.

അധ്വാനവർഗ്ഗത്തിന് ഉത്തേജനം പകരുക

വർദ്ധിതസമ്പത്തു വിളയിക്കുക.

നീതിപൂർവ്വകമായ വിതരണം ഉറപ്പുവരുത്തുക.

നീതിനിഷ്ഠമായ വികസനം കൈവരുത്തുക.

**- തൊഴിലാളി വർഗ്ഗ സർവ്വാധിപത്യമാണ് കമ്മ്യൂണിസം വിഭാവന ചെയ്യുന്നത്. ജനകീയ സോഷ്യലിസം അധ്വാനവർഗ്ഗമേധാവിത്വം ലക്ഷ്യം വയ്ക്കുന്നു. -**